**കേരള സർക്കാർ**

**ജലസേചന (ചെറുകിട ജലസേചനം) വകുപ്പ്**

നമ്പർ: ഡിബി/ടി.എൻ/2019–20 തിയ്യതി: 23.09.2020

## പുനർദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി ചിറ്റൂർ ചെറുകിട ജലസേചന ഉപവിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കുവേണ്ടി കേരളപൊതുമരാമത്ത്/ജലവിഭവവകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും, മുദ്രവച്ചതും പ്രവർത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളുടെ വില 0702-01-800-97 Revenue ഹെഡിലും GST 12% (SGST 6%, CGST 6%) ഓരോ പ്രവർത്തിയുടെയും പ്രത്യേകം GST അടച്ച് രസീതുകൾ ഈ കാര്യാലയത്തിൽ ഹാജരാക്കി അപേക്ഷിച്ചാൽ ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്നതാണ്. ദർഘാസുകൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം രജിസ്റ്റേർഡ് തപാലിൽ പോസ്റ്റ് ചെയ്തിട്ടുള്ളതായിരിക്കണം. കൊറിയർ സർവ്വീസ് മുഖാന്തിരമോ നേരിട്ടോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത ദിവസം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിശ്ചിത സമയത്ത് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാകുന്നു. തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ

അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേസമയത്ത് തുറക്കുന്നതുമായിരിക്കും. പ്രവർത്തിയുടെ ക്രമനമ്പർ, ദർഘാസ് നമ്പർ, പ്രവർത്തിയുടെ പേര്, ഉദ്ദേശ അടങ്കൽ തുക, നിരതദ്രവ്യം, ദർഘാസ് പ്രമാണത്തിന്റെ വില, പ്രവർത്തികൾ തീർക്കേണ്ട കാലാവധി, കരാറുകാരുടെ വിഭാഗം, എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| ക്രമ. നം. | പുനർ ദർഘാസ് നം. | പ്രവൃത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവർത്തികൾ തീർക്കേണ്ട കാലാവധി | കരാറുകാരുടെ വിഭാഗം |
|---|---|---|---|---|---|---|
| 1 | 27/2020-21 | പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിലെ പരമ്പരാഗത അണയായ റെഗുനാഥകൗണ്ടർ കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള അന്വേഷണ പ്രവർത്തികൾ<br>അടങ്കൽ തുക : 175754/- | 4395/- | 555+ ജി.എസ്.ടി. @ 12% | 4 മാസം | "ഡി" യും അതിനു മുകളിലും |
| 2 | 28/2020-21 | പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിലെ പരമ്പരാഗത അണയായ പോൾ സൂസ കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള അന്വേഷണ പ്രവർത്തികൾ<br>അടങ്കൽ തുക : 178135/- | 4455/ | 555+ ജി.എസ്.ടി. @ 12% | 4 മാസം | "ഡി" യും അതിനു മുകളിലും |

Scanned by CamScanner

| | | | | | | |
|---|---|---|---|---|---|---|
| 3 | 29/2020-21 | എ എം 2020-21 പാലക്കാട് ജില്ലയിലെ പുതുക്കോട് ഗ്രാമ പഞ്ചായത്തിലെ പ്ലാഴി എൽ ഐ എസ്സിന്റെ വാർഷിക അറ്റകുറ്റപണികൾ അടങ്കൽ തുക : 261188/- | 6550/ | 580+ ജി.എസ്.ടി. @ 12% | 10 മാസം | "ഡി" യും അതിനു മുകളിലും |

**ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന അവസാന തിയ്യതി : 30/10/2020 ഉച്ചക്ക് 1 മണി വരെ.**

**ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തിയ്യതി :07/09/2020 ഉച്ചക്ക് 1 മണി വരെ.**

**ദർഘാസുകൾ തുറക്കുന്ന തിയ്യതിയും സമയവും : 07/09/2020 ഉച്ചക്ക് 3 മണിക്ക്**

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും ചെറുകിട ജലസേചന ഉപവിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ദർഘാസ് പ്രമാണത്തിന്റെ വിലയടച്ച് GST അടച്ച അസൽ രശീത് ഉൾപ്പെടെ രേഖാമൂലം അപേക്ഷിച്ചാൽ ദർഘാസ് ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കികൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതുമാകുന്നു. കേരളപൊതുമരാമത്ത്/ജലവിഭവവകുപ്പിൽ ദർഘാസിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിനൊപ്പം 200/– രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് പോസ്റ്റാഫീസിൽ നിന്നോ, ഷെഡ്യൂൾ ബാങ്കിൽ നിന്നോ മാത്രമുള്ളതാവണം. ചിറ്റൂർ ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപെടുത്തിയതുമായിരിക്കണം.

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം ഇല്ലാത്തതുമായ ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകുവാൻ ബാധ്യസ്ഥനാണ്.

വിശ്വസ്തതയോടെ

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ**
**(കേരള ഗവർണ്ണർക്കുവേണ്ടി)**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം.
ചെറുകിട ജലസേചന ഉപവിഭാഗം, ചിറ്റൂർ
പാലക്കാട് ജില്ല. 678104

പകർപ്പ് :

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, പാലക്കാട്
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, കാക്കനാട്, എറണാകുളം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറ്റൂർപ്പുഴ ജലസേചന വിഭാഗം ചിറ്റൂർ.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറ്റൂർപ്പുഴ ജലസേചന ഉപവിഭാഗം 1, 2, 3 ചിറ്റൂർ.
5. പ്രസിഡന്റ്, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, താരേക്കാട്, പാലക്കാട്.
6. പ്രസിഡന്റ്, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, ചിറ്റൂർ.

Scanned by CamScanner

7. ഈ കാര്യാലയത്തിലെ ഹെഡ് ക്ലർക്ക്, ഡി.ബി.സെക്ഷൻ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ടേബിൾ.
8. നോട്ടീസ് ബോർഡ്
9. അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ. സെക്ഷൻ, തത്തമംഗലം, ചിറ്റൂർ
10. സെക്രട്ടറി, പുതുക്കോട് ഗ്രാമപഞ്ചായത്ത്, പുതുക്കോട്.
11. സെക്രട്ടറി, എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്, എരുത്തേമ്പതി.

Scanned by CamScanner